കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

-------------------------------------------------------------------------------

പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' ജനുവരി **10 വെള്ളി**

## വോട്ടർ പട്ടിക അവലോകന യോഗം നടത്തി

## ജനുവരി 15വരെ വോട്ടർ പട്ടികയില് പേര് ചേർക്കാം

ആലപ്പുഴ: ഇലക്ടോറൽ റോള് ഒബ്സർവര് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി മിനി ആന്റണിയുടെ നേതൃത്വത്തില് ജില്ലയിലെ വോട്ടർ പട്ടിക അവലോകന യോഗം നടത്തി. ബൂത്ത് ലെവൽ ഓഫീസർമാര് (ബി.എൽ.ഒ.), ബൂത്ത് ലെവൽ ഏജന്റുമാര് (ബി.എൽ.എ.) എന്നിവരുടെ പ്രവർത്തനം ശക്തപ്പെടുത്താന് യോഗം നിർദ്ദേശിച്ചു. ബി.എൽ.ഒ., ബി.എൽ.എ. മാരുടെ പരിശീലനം ഒരുമിച്ച് നടത്താൻ മിനി ആന്റണി നിർദ്ദേശം നൽകി. അശാസ്ത്രീയമായ ബൂത്തുകളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികള് നൽകിയ പരാതികള് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും അവര് പറഞ്ഞു. പ്രാദേശിക തലത്തിൽ വിശദമായ പ്രചാരണ പ്രവർത്തനങ്ങള് നടത്തി വോട്ടര് പട്ടികയിലെ തെറ്റ് തിരുത്തണം. ജനുവരി 15വരെ വോട്ടർ പട്ടികയില് പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരിയിൽ വെബ്സൈറ്റില് പ്രസിദ്ധീകരിക്കും. , കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാര്, ദുർബ്ബല വിഭാഗം, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗം എന്നിവരുടെ വിവരങ്ങള് ശേഖരിച്ച് പട്ടികയിൽ ഉൾപ്പെടുത്തണം. പ്രവാസി വോട്ടർമാരുടെ വോട്ടവകാശം നഷ്ടപ്പെടാതിരിക്കാനായി ഇ- വോട്ടര് വേരിഫിക്കേഷന് ഉടൻ പൂർത്തിയാക്കാനും നിർദ്ദേശം നൽകി. വോട്ടർ പട്ടിക മെച്ചപ്പെടുത്തുന്നതിനായി ജനപ്രതിനിധികളുടേയും രാഷ്ട്രീയ കക്ഷി പ്രതിനിധികളുടേയും സഹകരണവും അഭ്യർത്ഥിച്ചു. ജില്ല കളക്ടർ എം. അഞ്ജന, ഡെപ്യൂട്ടി കളക്ടർ ജെ. മോബി, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥര് എന്നിവര് പങ്കെടുത്തു. ഇലക്ടോറൽ റോൾ ഒബ്സർവറുടെ ഫോൺ: 8301928099